LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, സർവ്വീസിലുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ പ്ലെയ്സ്മെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം, മഞ്ചേശ്വരം, തൃക്കരിപ്പൂർ എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് പി.എൽ.എ. 3-6089/14/ആവഡ എന്ന നമ്പറിലുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. 20-9-2014-ലെ 24569/എ4/2013 എന്ന കത്തുപ്രകാരം ടി പ്രൊപ്പോസൽ പരിഗണിക്കാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ അത്യാവശ്യം വേണ്ട തസ്തികകൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ട്.

ഞാറയ്ക്കൽ സർക്കാർ ആശുപത്രി വികസനം

77 (784) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ചികിത്സാ യൂണിറ്റുകൾ, ലാബ്, എക്സ്റേ, ഇ.സി.ജി. എന്നിവ ഉൾപ്പെടുത്തി എറണാകുളം ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജി.ഐ.ഡി.എ. ഫണ്ടുപയോഗിച്ച് 5 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

സംസ്ഥാനത്ത് പകർച്ചവ്യാധിമൂലം മരിച്ചവരുടെ എണ്ണം

78 (785) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി ഒന്നിനുശേഷം നാളിതുവരെ സംസ്ഥാനത്ത് പകർച്ചവ്യാധിമൂലം മരിച്ചവരുടെ എണ്ണം എത്രയാണ് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) മരണമടഞ്ഞവരിൽ സർക്കാർ ആശുപത്രികളിൽ മരിച്ചവർ എത്രയെന്നും അല്ലാത്തവർ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ചികിത്സ ലഭിക്കാതെ വീടുകളിൽ മരിച്ചവർ എത്രയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈറൽ പനി, ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ 1, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ടൈഫോയ്ഡ്, മലമ്പനി, ഹെപ്പറ്റൈറ്റീസ്-എ എന്നീ പകർച്ച വ്യാധികൾമൂലം 90 പേർ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മരണമടഞ്ഞവരിൽ സർക്കാർ ആശുപത്രികളിൽ മരിച്ചവർ എത്രയെന്നും അല്ലാത്തവർ എത്രയെന്നും കണക്ക് ലഭ്യമല്ല.

(സി) വീടുകളിൽ 4 പേർ മരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിലെ ടോമാകെയർ സംവിധാനം

79 (786) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്കാശുപത്രിയുടെ സ്റ്റാറ്റസ്) ബഹു. മന്ത്രി പ്രഖ്യാപിച്ച ടോമാകെയർ എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്നു വ്യക്തമാക്കാമോ ;

(ബി) എന്തൊക്കെ സംവിധാനങ്ങളാണ് ടോമാകെയർ സ്ഥാപിക്കുന്നതോടൊപ്പം ഉണ്ടാകുന്നത് ; ഇതിന്റെ ചുമതല ആർക്കാണ് ; എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് വ്യക്തമാക്കാമോ ;

(സി) മുനിസിപ്പൽ ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഒ.പി. ബ്ലോക്ക് കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്കാശുപത്രിയുടെ സ്റ്റാറ്റസ്) ടോമാ കെയർ അനുവദിക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly